# പതിനാലാം കേരള നിയമസഭ
# രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **6527** **08.11.2016**-ൽ മറുപടിക്ക്

## ക്യാൻസർ, കിഡ്നി രോഗികൾക്ക് ധനസഹായം

**ചോദ്യം**

**ശ്രീ. പി.കെ.അബ്ദു റബ്ബ്**

**മറുപടി**

**ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**

(ആരോഗ്യവും കുടുംബക്ഷേമവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ക്യാൻസർ-കിഡ്നി രോഗികൾക്ക് വിവിധ പദ്ധതികളിലൂടെ നൽകി വരുന്ന ധനസഹായം കാലതാമസം കൂടാതെ നൽകുന്നതിന് നടപടി സ്വീകരിക്കാമോ; | (എ) | കാൻസർ രോഗ ചികിത്സാചെലവ് സാധാരണക്കാർക്ക് താങ്ങാൻ കഴിയാത്തതാണ്. സംസ്ഥാന സർക്കാർ കാൻസർ രോഗികൾക്കായി താഴെപ്പറയുന്ന ചികിത്സാ ധനസഹായ പദ്ധതികൾ വഴി ആശ്വാസം നൽകി വരുന്നു.<br>• സുകൃതം<br>• കാരുണ്യ ബനവലന്റ് ഫണ്ട്<br>• ചിസ്സ് - പ്ലസ് പദ്ധതി<br>• ആരോഗ്യകിരണം.<br>• കാൻസർ സുരക്ഷാ പദ്ധതി (18 വയസ്സിന് താഴെയുള്ള കുട്ടികൾക്ക്)<br>• താലോലം പദ്ധതി (18 വയസ്സിന് താഴെയുള്ള കുട്ടികൾക്ക്)<br>• പട്ടികവർഗ്ഗത്തിൽപ്പെട്ട രോഗികൾക്കായുള്ള സമഗ്ര ആരോഗ്യ രക്ഷാപദ്ധതി<br>• മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി<br>• ഇ.എസ്. ഐ. സ്കീം<br>പ്രസ്തുത പദ്ധതികൾ ഒന്നും ലഭിക്കാത്ത സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രോഗികൾക്ക് മലബാർ കാൻസർ സെന്ററിന്റെ പേഷ്യന്റ് വെൽഫെയർ ഫണ്ടിൽ നിന്നും സൗജന്യ ചികിത്സ നൽകി വരുന്നു. കൂടാതെ എം.സി.സി. യിൽ കിടത്തി ചികിത്സയിലുള്ള എല്ലാ രോഗികൾക്കും മൂന്നു നേരം ഭക്ഷണവും കൂട്ടിരിപ്പുകാർക്ക് ഉച്ചഭക്ഷണവും സൗജന്യമായി നൽകി |

| | | | |
|---|---|---|---|
| | | | വരുന്നു.<br>കിഡ്നി രോഗം ബാധിച്ച ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ. വിഭാഗത്തിലെ രോഗികൾക്ക് പ്രതിമാസം 1100/- രൂപ നിരക്കിലുള്ള ധനസഹായം 'സമാശ്വാസം പദ്ധതി' പ്രകാരം അനുവദിച്ച് വരുന്നു. |
| (ബി) | ക്യാൻസർ-കിഡ്നി രോഗികൾക്ക് നൽകി വരുന്ന പെൻഷൻ 1000 രൂപയിൽ നിന്നും വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന കാൻസർ രോഗികളായ 18 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്ന പദ്ധതിയാണ് 'കാൻസർ സുരക്ഷ' കിഡ്നി രോഗം ബാധിച്ച് ഡയലിസിസിന് വിധേയരാകുന്ന ബി.പി.എൽ. വിഭാഗത്തിലെ രോഗികൾക്ക് പ്രതിമാസം 900/- രൂപ നിരക്കിൽ അനുവദിച്ചുവന്നിരുന്ന സമാശ്വാസം പദ്ധതി പ്രകാരമുള്ള ധനസഹായം സ.ഉ.(എം.എസ്) നം.66/2014/സാ.നീ.വ. തീയതി 1/8/2014 പ്രകാരം 1100/- രൂപ നിരക്കിൽ വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (സി) | മലബാർ മേഖലയിൽ പ്രത്യേകിച്ച് മലപ്പുറം ജില്ലയിൽ ക്യാൻസർ-കിഡ്നി രോഗികൾ ക്രമാതീതമായി വർദ്ധിക്കുന്നതിന്റെ കാരണം കണ്ടെത്തുന്നതിന് വിദഗ്ധ സമിതിയെ നിയോഗിക്കാമോ; | (സി) | ഒരു പ്രത്യേക മേഖലയിൽ അർബുദരോഗം കൂടി വരുന്നുണ്ടോ എന്നതിനെ സംബന്ധിച്ച് എം.സി.സി.യുടെ ആഭിമുഖ്യത്തിൽ നാളിതുവരെ പഠനങ്ങളൊന്നും തന്നെ നടത്തിയിട്ടില്ല. മലബാർ മേഖലകളിൽ കാൻസർ രോഗം വർദ്ധിച്ച് വരുന്നതായി അനൗദ്യോഗിക കണക്കുകൾ സൂചിപ്പിക്കുന്നതിനാൽ 2014 ൽ എം.സി.സി.യിൽ ആരംഭിച്ച മലബാർ പോപ്പുലേഷൻ ബേസ്ഡ് കാൻസർ രജിസ്ട്രി കണ്ണൂർ, കാസർഗോഡ് ജില്ലകൾക്ക് പുറമേ കോഴിക്കോട്, വയനാട്, മലപ്പുറം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകൾ കൂടി ഉൾപ്പെടുത്തി വിപുലീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനാൽ കുറച്ച് വർഷങ്ങൾക്കുള്ളിൽ ഈ മേഖലകളിൽ വർദ്ധിച്ച് വരുന്ന കാൻസർ രോഗികളുടെ കണക്ക് ഏകദേശം കൃത്യമായി നൽകാൻ സാധിക്കും. മലബാർ കാൻസർ സെന്ററിന്റെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിന്റെ കീഴിൽ കാൻസർ ബോധവൽക്കരണത്തിന്റേയും കാൻസർ |

| | | | |
|---|---|---|---|
| | | | നിയന്ത്രണത്തിന്റേയും ഭാഗമായി മലബാർ മേഖലകളിലെ വിവിധ പ്രദേശങ്ങളിൽ ധാരാളം ക്ലാസ്സുകളും, ക്യാമ്പുകളും നടത്തി വരുന്നുണ്ട്. കൂടാതെ കാൻസർ കെയർ പദ്ധതിയുടെ കീഴിൽ സർക്കാർ ഉത്തരവ് പ്രകാരം മലബാർ മേഖലയിൽ പ്രവർത്തിക്കുന്ന സർക്കാർ ഡോക്ടർമാർക്കും നഴ്സുമാർക്കും കാൻസർ ചികിത്സയ്ക്കുള്ള പരിശീലനം എം.സി.സി. നൽകി വരുന്നു. എല്ലാ ജില്ലകളിലേയും ആശുപത്രികളിൽ തുടർ കീമോതെറാപ്പി ചികിത്സ നൽകാൻ കഴിയുന്ന തരത്തിലാണ് പ്രസ്തുത പരിശീലന പരിപാടി വിഭാവനം ചെയ്തിരിക്കുന്നത്. ഇത് കൂടാതെ കാസർഗോഡ്, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലെ വിവിധ ആശുപത്രികളുമായി ടെലിമെഡിസിൻ വഴിയുള്ള ചികിത്സാ പദ്ധതികളും ആരോഗ്യതുടർ വിദ്യാഭ്യാസ പരിപാടികളും നടത്തിവരുന്നു. |
| (ഡി) | ക്യാൻസർ-കിഡ്നിരോഗികളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ? | (ഡി) | ആർ.സി.സി., എം.സി.സി. എന്നിവിടങ്ങളിൽ 2011 -15 കാലയളവിൽ പുതുതായി രജിസ്റ്റർ ചെയ്യപ്പെട്ട രോഗികളുടെ ജില്ല തിരിച്ചുള്ള കണക്ക്, കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ഡയാലിസിസിന് വിധേയരായി ആനുകൂല്യം ലഭിച്ചവരുടെ ജില്ല തിരിച്ചുള്ള കണക്ക് എന്നിവ അനുബന്ധമായി ചേർക്കുന്നു. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**

7

<u>**അനുബന്ധം**</u>

ആർ.സി.സി. യിൽ 2011 - 15 കാലയളവിൽ പുതുതായി രജിസ്റ്റർ ചെയ്യപ്പെട്ട രോഗികളുടെ ജില്ല തിരിച്ചുള്ള കണക്ക്;

| **ജില്ല** | **2011-12** | **2012-13** | **2013-14** | **2014-15** |
|---|---|---|---|---|
| തിരുവനന്തപുരം | 3133 | 3276 | 3394 | 3614 |
| കൊല്ലം | 2396 | 2496 | 2552 | 2802 |
| പത്തനംതിട്ട | 785 | 781 | 773 | 932 |
| ആലപ്പുഴ | 775 | 839 | 819 | 898 |
| കോട്ടയം | 442 | 378 | 473 | 497 |
| ഇടുക്കി | 221 | 226 | 214 | 256 |
| എറണാകുളം | 546 | 539 | 611 | 550 |
| തൃശ്ശൂർ | 713 | 881 | 880 | 883 |
| പാലക്കാട് | 814 | 911 | 895 | 953 |
| കോഴിക്കോട് | 532 | 515 | 456 | 482 |
| മലപ്പുറം | 994 | 1047 | 1047 | 1120 |
| വയനാട് | 101 | 124 | 112 | 113 |
| കണ്ണൂർ | 468 | 395 | 356 | 364 |
| കാസർഗോഡ് | 189 | 218 | 187 | 204 |
| മറ്റുള്ളവർ | 2173 | 2359 | 2134 | 2271 |
| **ആകെ** | **14282** | **14985** | **14903** | **15939** |

എം.സി.സി. യിൽ 2011-14 കാലയലവിൽ ചികിത്സ തേടിയ രോഗികളുടെ ജില്ല തിരിച്ചുള്ള കണക്ക്.

| **ജില്ല** | **2011-12** | **2012-13** | **2013-14** | **2014-15** |
|---|---|---|---|---|
| കാസർഗോഡ് | 238 | 376 | 523 | 620 |
| കണ്ണൂർ | 1671 | 1908 | 2105 | 2114 |
| വയനാട് | 87 | 100 | 182 | 208 |
| കോഴിക്കോട് | 457 | 562 | 677 | 796 |
| മലപ്പുറം | 50 | 87 | 162 | 150 |
| തൃശ്ശൂർ | 60 | 10 | 46 | 19 |
| പാലക്കാട് | 9 | 20 | 58 | 42 |
| എറണാകുളം | 1 | 1 | 2 | 8 |
| കോട്ടയം | 1 | 1 | 1 | 4 |
| പത്തനംതിട്ട | 3 | 2 | 1 | 1 |

| | | | | |
|---|---|---|---|---|
| ഇടുക്കി | 1 | 0 | 2 | 1 |
| ആലപ്പുഴ | 0 | 3 | 0 | 4 |
| കൊല്ലം | 2 | 0 | 0 | 0 |
| തിരുവനന്തപുരം | 0 | 1 | 1 | 1 |
| **ആകെ** | **2580** | **3071** | **3760** | **3968** |

ഡയാലിസിസിന് വിധേയരായി ചികിത്സ തേടിയ രോഗികളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ

| ക്രമ നം | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 388 |
| 2 | കൊല്ലം | 479 |
| 3 | പത്തനംതിട്ട | 175 |
| 4 | ആലപ്പുഴ | 251 |
| 5 | കോട്ടയം | 147 |
| 6 | ഇടുക്കി | 106 |
| 7 | എറണാകുളം | 480 |
| 8 | തൃശ്ശൂർ | 399 |
| 9 | പാലക്കാട് | 264 |
| 10 | മലപ്പുറം | 462 |
| 11 | കോഴിക്കോട് | 480 |
| 12 | വയനാട് | 102 |
| 13 | കണ്ണൂർ | 333 |
| 14 | കാസർഗോഡ് | 108 |
| | **ആകെ** | **4174** |

സെക്ഷൻ ഓഫീസർ